**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരള മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനത്തെ ലോകോത്തര മികവുറ്റ രീതിയിൽ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‍വെയറുകൾ തയ്യാറാക്കുകയും ആയവ പരിപാലിക്കുകയും ചെയ്യുന്ന പ്രവർത്തിയാണ് ഐ.കെ.എം നിലവിൽ നിർവ്വഹിച്ചു വരുന്നത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഐ.കെ.എം മുഖേന നടക്കുന്ന കമ്പ്യൂട്ടർവത്കരണവും കടലാസ് രഹിത ഫയൽ തീർപ്പ് സംവിധാനം, സമഗ്ര ഓൺലൈൻ സേവന വിതരണ സംവിധാനവും നടപ്പിലാക്കുന്നതിന് ഇ-ഗവേണൻസ് കൺസോർഷ്യവും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും രൂപീകരിച്ച് കൊണ്ടും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഹെഡ് ആയും, ഐ.കെ.എമ്മിന്റെ ചീഫ് മിഷൻ ഡയറക്ടറായും ശ്രീ. ഡോ. സന്തോഷ് ബാബു IAS (Rtd) നെ നിയമിച്ചുകൊണ്ടും സ.ഉ(കൈ) നം.27/2022/തസ്വഭവ തീയതി 18/02/2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.(പകർപ്പ് അനുബന്ധമായി ചേർക്കുന്നു) 3 വർഷത്തേക്കാണ് പദ്ധതിയുടെ കാലാവധി. 10 മാസത്തിനുള്ളിൽ തന്നെ പ്രാഥമിക ഡെലിവറബിളുകളായി, ഏകീകൃത സിറ്റിസൻ സർവ്വീസ് പോർട്ടലും, ജനസേവനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏറ്റവും അത്യന്താപേക്ഷിതമായ ഓഫീസ് തയ്യാറാക്കിയെടുക്കാനും സോഫ്റ്റ്‍വെയർ പരിപൂർണ്ണമായും സജ്ജമാക്കി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതോടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനം അവസാനിപ്പിക്കുവാനും തുടർ വികസനവും പരിപാലനവും ഐ.കെ.എം നെ ഏൽപ്പിക്കുവാനാണ് ടി പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഐ.കെ.എം നെ ലോകോത്തര ഐടി സൊല്യൂഷൻ പ്രൊവൈഡറായി രൂപാന്തരപ്പെടുത്തുക എന്നതും ഈ കർമ്മ പദ്ധതിയുലൂടെ ലക്ഷ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ

G.O.(Ms) No.27/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവത്ക്കരണവും കടലാസ് രഹിത ഫയൽ തീർപ്പ് സംവിധാനവും, സമഗ്ര ഓൺ ലൈൻ സേവന വിതരണ സംവിധാനവും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ ഇ-ഗവേണൻസ് കമ്മിറ്റിയും, ഇ-ഗവേണൻസ് കൺസോർഷ്യവും, പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റും രൂപീകരിച്ചുകൊണ്ടും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഹെഡ് ആയും, ഐ.കെ.എമ്മിന്റെ ചീഫ് മിഷൻ ഡയറക്ടറായും ശ്രീ.ഡോ. സന്തോഷ് ബാബു IAS (Rtd) നെ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

G.O.(Ms) No.27/2022/LSGD തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:- ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നത് സംബന്ധിച്ച് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 04.01.2022-ൽ നടന്ന യോഗനടപടിക്കുറിപ്പിലെ തീരുമാനം നം.2

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണവും, സേവന വിതരണ സംവിധാനവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും, കടലാസ് രഹിത ഡിജിറ്റൽ സ്ഥാപനമായി പരിവർത്തനപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലകൾ സമയബന്ധിതമായും, സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിനും ഭരണനിർവ്വഹണ സംവിധാനങ്ങൾ കാലാനുസൃതമായി സാങ്കേതികവൽക്കരിക്കുകയും പുന:ക്രമീകരിക്കുകയും ലളിതമാക്കുകയും ചെയ്യേണ്ടതുണ്ട്. ഭരണനിർവഹണത്തിൽ വിവരസാങ്കേതികവിദ്യയുടെയും ആധുനിക കമ്പ്യൂട്ടിങ്ങിന്റെയും പ്രയോഗവത്കരണം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ നിലവിൽ കഴിഞ്ഞിട്ടില്ല. നിലവിൽ രൂപകൽപന ചെയ്ത ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ വേണ്ടത്ര പ്രായോഗിക ശേഷി ഇല്ലാത്തതാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സംയോജിത വകുപ്പിലും വിന്യസിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഒരു ഇ.ആർ.പി സോഫ്റ്റ് വെയർ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം 6 മാസത്തിനകം പൂർത്തിയാക്കാനും അതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, മാനവശേഷി എന്നിവ ആർജ്ജിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും ഇൻഫർമേഷൻ കേരള മിഷനിൽ ലഭ്യമായതിനു പുറമേ ആവശ്യം വരുന്ന മാനവശേഷി ലഭ്യമാകുന്നതിന് സ്റ്റാർട്ടപ്പുകൾ, ഐ.ടി. സ്ഥാപനങ്ങൾ, മറ്റ് സാങ്കേതിക വിദഗ്ധർ എന്നിവരെ ഉപയോഗിക്കുവാനും ഈ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കുവാൻ ഒരു മിഷൻ മോഡൽ പ്രവർത്തനം നടത്തേണ്ടതുണ്ടെന്നുമുള്ള പരാമർശ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സംവിധാനങ്ങളെയും അനുബന്ധ സ്ഥാപനങ്ങളേയും സമ്പൂർണ ഡിജിറ്റൽ സംവിധാനമാക്കി മാറ്റുന്നതിന് ചുവടെച്ചേർക്കും പ്രകാരം നവീന ഇ-ഗവേണൻസ് കർമ്മ പദ്ധതിയും തദ്ദേശ സ്വയംഭരണ ഇ ഗവേണൻസ് കമ്മിറ്റിയും, ഇ-ഗവേണൻസ് കൺസോർഷ്യവും, പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ യൂണിറ്റും രൂപീകരിച്ചും, പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ യൂണിറ്റ് ഹെഡ് ആയും, ഐ. കെ. എമ്മിന്റെ ചീഫ് മിഷൻ ഡയറക്ടറായും ശ്രീ. ഡോ.സന്തോഷ് ബാബു IAS (Rtd.) നെ നിയമിച്ചും ഉത്തരവാകുന്നു.

G.O.(Ms) No.27/2022/LSGD

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ സംവിധാനങ്ങൾക്കുമുള്ള നവീന ഇ-ഗവേണൻസ് കർമ്മ പദ്ധതി

### ഉദ്ദേശ്യലക്ഷ്യങ്ങൾ

തദ്ദേശസ്ഥാപനങ്ങൾ അവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 50-ലധികം ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളും, 30-ലധികം റഫറൻസ് വെബ്സൈറ്റുകളും, നിലവിൽ ഉപയോഗിക്കുന്നതോടൊപ്പം, പേപ്പർ അടിസ്ഥാനമാക്കിയുള്ള ഫയലുകളും കൈകാര്യം ചെയ്യേണ്ടതായി വരുന്നുണ്ട്. കൂടാതെ ദിനംപ്രതി നിരവധി സ്പ്രെഡ്ഷീറ്റുകളും റിപ്പോർട്ടുകളും തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് പുറമെ, വിവിധ സർക്കാർ വകുപ്പുകൾ, മിഷനുകൾ, മറ്റ് ഏജൻസികൾ, പരിശീലന സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള നിരവധി ഓൺലൈൻ മീറ്റിംഗുകളിലും പരിശീലനങ്ങളിലും പങ്കെടുക്കേണ്ടി വരികയും, കോടതി വ്യവഹാരങ്ങളിൽ രേഖകൾക്കുള്ള സാക്ഷിമൊഴി നേരിട്ട് നൽകേണ്ടതായും വരുന്നുണ്ട്. സാങ്കേതികവിദ്യ തദ്ദേശസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമവും സുതാര്യവും "user friendly"യും ആക്കുന്നതിന് നിലവിലുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് ഒരു ഇന്റഗ്രേറ്റഡ് ഗവൺമെന്റ് ഇ. ആർ. പി എന്ന ആശയത്തിൻമേൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഐ.കെ.എമ്മിന്റെയും പഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ വിഭാവനം ചെയ്തത്. ഇന്റഗ്രേറ്റഡ് ഗവൺമെന്റ് ഇ. ആർ.പി എന്ന ഈ ആശയത്തിന്റെ തുടർ പുനർനിർമ്മിതിക്കായി, ഒരു കർമ്മ പദ്ധതിയും അനുബന്ധ സംഘടനാ സംവിധാനവും ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് .

ആധുനിക കമ്പ്യൂട്ടിങ്ങിന്റെയും വിവരസാങ്കേതിക വിദ്യയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തി ഒരു സമഗ്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനായി, ഇന്റഗ്രേറ്റഡ് ഇന്റലിജെൻറ് ക്ലൌഡ് ബേസ്ഡ് ഗവൺമെൻറ് ഇ.ആർ.പി യിലൂടെ നിർമ്മിക്കുന്നതിനാണ് ഈ കർമ്മപദ്ധതി വിഭാവനം ചെയ്യുന്നത്. ഓഫീസ് സംവിധാനത്തെയും, നിർവഹണ പ്രക്രിയകളെയും സാങ്കേതികവൽക്കരിക്കുന്നതിനുതകുന്ന രീതിയിൽ ബിസിനസ്സ് പ്രോസസ്സ് റി-എൻജിനിയറിങ് ചെയ്താണ് ഇ.ആർ.പി വികസിപ്പിക്കേണ്ടത്. ഈ ആപ്ലിക്കേഷൻ വിന്യസിക്കപ്പെടുന്നതോടെ ആയതിനു അനുസൃതമായ ഒരു ഇ-ഓഫീസ് മാന്വലും ഏർപ്പെടുത്തുന്നതാണ്. നൂതന സാങ്കേതികവിദ്യകളായ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡേറ്റ സയൻസ്, ജി.ഐ.എസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, മെഷീൻ ലേണിങ്, virtual &Augmented റിയാലിറ്റി, ഇൻറർനെറ്റ് ഓഫ് തിങ്ങ്സ്, ബ്ലോക്ക് ചെയിൻ ടെക്നോളജി എന്നിവയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിയാണ് സോഫ്റ്റ് വെയർ നിർമ്മിക്കേണ്ടത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ സംവിധാനങ്ങൾക്കുമുള്ള നവീന ഇ-ഗവേണൻസ് കർമ്മ പദ്ധതി, കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ശക്തമായ ഒരു മാനേജീരിയൽ സാങ്കേതിക-നിർവഹണ സംഘടനാ -നേതൃത്വ -പിന്തുണാ സംവിധാനവും അത്യന്താപേക്ഷിതമാണ്. ഈ കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും, ഉന്നതതല ദിശാബോധം നൽകുന്നതിനുമായി ഒരു LSG ഇ-ഗവേണൻസ് കമ്മിറ്റിയുടെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംവിധാനങ്ങളും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളും വെബ് പോർട്ടലുകളും നിർമ്മിച്ചിരിക്കുന്നതും നിയന്ത്രിക്കുന്നതും, പലവിധ ഏജൻസികളും സംവിധാനങ്ങളുമാണ്. ഇപ്പോൾ പുതുതായി വിഭാവനം ചെയ്യുന്ന ഇന്റഗ്രേറ്റഡ് ഇന്റലിജെന്റ് ക്ലൌഡ് ബേസ്ഡ് ഗവൺമെൻറ് ഇ.ആർ.പി ഭാവിയിൽ മേൽ പറഞ്ഞ ഏജൻസികളുടെ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുമായും അവയിലെ വിവരവ്യൂഹങ്ങളുമായും ഇന്റഗ്രേറ്റ് ചെയ്യപ്പെടേണ്ടതുണ്ട്. കൂടാതെ ഇ-ഗവേണൻസിനു വേണ്ടതായ പരിജ്ഞാനവും സാങ്കേതികവൈദഗ്ദ്ധ്യവും സർക്കാർ- സർക്കാരിതര സംവിധാനങ്ങളിൽ നിന്നും സമാഹരിക്കേണ്ടതുമുണ്ട്. ആയതിനാൽ ഈ സ്ഥാപനങ്ങളെയെല്ലാം ഉൾപ്പെടുത്തി ഒരു കൺസോർഷ്യം സംവിധാനവും ഈ കർമ്മപദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്നു.

ഐ. കെ. എം ന്റെ നേതൃസ്ഥാനത്ത് ചീഫ് മിഷൻ ഡയറക്ടറായി ഡോ. സന്തോഷ് ബാബു IAS (Rtd.) ന് സ്വതന്ത്ര ചുമതല നൽകുകയും പദ്ധതിയുടെ നടത്തിപ്പിന് ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും ഇതിനാൽ രൂപീകരിക്കുകയും ചെയ്യുന്നു. പദ്ധതി പ്രവർത്തനത്തിനുള്ള എല്ലാസഹായവും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

3 വർഷത്തേക്കാണ് പദ്ധതിയുടെ കാലാവധി. പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകൃതമായി 3 ആഴ്ചക്കകം സോഫ്റ്റ് വെയർ ആപ്ലിക്കേഷനുള്ള ഡീറ്റെയിൽഡ് പ്രൊപ്പോസലും, ആക്ഷൻ പ്ലാനും LSG ഇ-ഗവേണൻസ് കമ്മിറ്റി മുഖേനെ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. 10 മാസത്തിനുള്ളിൽ തന്നെ പ്രാഥമിക ഡെലിവെറബിളുകളായി, ഏകീകൃത സിറ്റിസൻ സർവീസ് പോർട്ടലും, ജനസേവനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏറ്റവും അത്യന്താപേക്ഷിതമായ ഓഫീസ് മോഡ്യൂളുകളും തയ്യാറാക്കിയെടുക്കേണ്ടതാണ്. സോഫ്റ്റ് വെയർ പരിപൂർണമായും സജ്ജമാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതോടെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനം അവസാനിപ്പിക്കുന്നതും, തുടർ. വികസനവും പരിപാലനവും ഐ.കെ.എമ്മിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. ഐ.കെ. എമ്മിനെ പുനരുജ്ജീവിപ്പിക്കുകയും ലോകോത്തര ഐടി സൊല്യൂഷൻ പ്രൊവൈഡറായി രൂപാന്തരപ്പെടുത്തുക എന്നതും ഈ കർമ്മപദ്ധതിയുടെ ലക്ഷ്യമായിരിക്കുന്നതാണ്.

**<u>സംഘടനാ സംവിധാനം</u>**

**<u>I.എൽ എസ് ജി ഇ-ഗവേണൻസ് കമ്മിറ്റി</u>**

**<u>ചുമതലകൾ</u>**

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സമഗ്രമായ ഇ-ഗവേണൻസ് സാധ്യതകളും വീക്ഷണവും വികസിപ്പിക്കുക.

2)ഒരു എംപവേർഡ് കമ്മിറ്റി എന്നനിലയിൽ കർമ്മപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക.

3) പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദേശങ്ങൾ നല്കുകയും, ഉയർന്ന തലത്തിലുള്ള ബാഹ്യപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.

**<u>ഘടന</u>**

1) ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി - അധ്യക്ഷൻ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി - കൺവീനർ

**<u>മറ്റ് അംഗങ്ങൾ</u>**

3) ചീഫ് മിഷൻ ഡയറക്ടർ & പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഹെഡ്

4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

5) പ്രിൻസിപ്പൽ ഡയറക്ടർ, **<u>എൽ എസ് ജി ഡി</u>**

6) ഡയറക്ടർ (റൂറൽ ),**<u>എൽ എസ് ജി ഡി</u>**

7) ഡയറക്ടർ (അർബൻ), **<u>എൽ എസ് ജി ഡി</u>**

8) സർക്കാർ നാമനിർദേശം ചെയ്യുന്ന ഇ-ഗവേണൻസ് മേഖലയിലെ വിദഗ്ദ്ധർ

G.O.(Ms) No.27/2022/LSGD

**II. ഇ-ഗവേണൻസ് കൺസോർഷ്യം**

**ചുമതലകൾ:**

1) മറ്റ് ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുമായുള്ള പ്രവർത്തനപരവും വിവരവ്യൂഹങ്ങളുമായുള്ള സംയോജനവും സാധ്യമാക്കുക.

2) ഒരു ഇ-ഗവേണൻസ് ഇന്നൊവേറ്റീവ് പ്ലാറ്റ്ഫോം ആയി പ്രവർത്തിക്കുക

3) പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിനു കർമ്മപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാവിധ സാങ്കേതിക സഹായങ്ങളും വിദഗ്ധരെയും നൽകുക.

<u>ഘടന</u>

1) ഐ.കെ.എം, എൻ.ഐ.സി, സി.ഡിറ്റ്, ഐ.ഐ.ഐ.ടി.എം.കെ, ഐ.ടി മിഷൻ, തുടങ്ങിയ സർക്കാർ ഐടി ഏജൻസികൾ.

2) തദ്ദേശസർക്കാരുകൾ ഉപയോഗിക്കുന്ന ആപ്ലിക്കേഷനുകളും ഡാറ്റയും വികസിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന മറ്റ് സാങ്കേതിക സഹായസ്ഥാപനങ്ങൾ.

3) ഐ.ടി സ്ഥാപനങ്ങൾ

4) ഐ.ടി /ഇ-ഗവേണൻസ് മേഖലയിലെ ഗവേണൻസ് ഗവേഷണ സ്ഥാപനങ്ങൾ.

5) ഇ-ഗവേണൻസ് രംഗത്ത് പ്രവർത്തിക്കുന്ന എൻ.ജി. ഒ കൾ

കൺസോർഷ്യത്തിന്റെ ചീഫ് കോ-ഓർഡിനേറ്ററായി ഐ. കെ. എംന്റെ സി. എം. ഡി /പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഹെഡ് പ്രവർത്തിക്കേണ്ടതാണ്.

**III. പ്രോജക്റ്റ്ഇംപ്ലിമെന്റേഷൻ യൂണിറ്റ്**

പ്രാദേശിക സർക്കാരുകൾക്കായുള്ള സമഗ്രമായ ഇ-ഗവേണൻസ് ആപ്ലിക്കേഷന്റെ സമയബന്ധിതമായ വികസനത്തിനായി സൃഷ്ടിക്കപ്പെട്ട ഒരു പ്രത്യേക ഉദ്ദേശ്യ സംവിധാനമാണ് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ്. തദ്ദേശ സർക്കാരുകൾക്കു വേണ്ടിയുള്ള നവീന ഇ-ഗവേണൻസ് കർമ്മ പദ്ധതിയുടെ പരിപൂർണ നടത്തിപ്പു ചുമതല പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിനും അതിന്റെ, പ്രോജക്റ്റ് ഹെഡ് ആയ ഐ.കെ.എം ചീഫ് മിഷൻ ഡയറക്ടർക്കുമായിരിക്കും.

<u>ഘടന</u>

1) പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ യൂണിറ്റ് ഹെഡ് - ഐ. കെ. എം ചീഫ് മിഷൻ ഡയറക്ടർ

2) ഡെപ്യൂട്ടി പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ ഹെഡ് -ഐ. കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർ

3) പ്രോജക്റ്റ് ഇംപ്ളിമെന്റേഷൻ കോർ ടീം

പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ നയിക്കുന്നതിന് പ്രോജക്റ്റ് ഹെഡിനെ സഹായിക്കുകയും ഡൊമെയ്ൻ ടീമിനെയും, ടെക്നിക്കൽ ടീമിനെയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് കോർ ടീം.

**1. കോർ ടീം**

**ചുമതലകൾ**

i) പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ ടീമിന് വേണ്ടതായ എല്ലാ സൌകര്യങ്ങളും കോർ ടീം ഒരുക്കേണ്ടതാണ്.

ii) പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ ടീമിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും ടെക്നിക്കൽ ആന്റ് ഡൊമൈൻ ടീം കൂട്ടായി പ്രവർത്തിക്കുന്നതാണ്.

**കോർ ടീം ഘടനയും അംഗങ്ങളും**

i) പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഹെഡ്, കോർ ടീമിന്റെ എക്സ്- ഒഫിഷ്യോ ചെയർമാനായിരിക്കും.

ii) ഡെപ്യൂട്ടി പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഹെഡ് - വൈസ് ചെയർമാൻ

**മറ്റ് അംഗങ്ങൾ**

സർക്കാർ നിർദ്ദേശിക്കുന്ന

iii) നഗരകാര്യ ജോയിന്റ് ഡയറക്ടർ - 1 - കൺവീനർ

iv) പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ - 1 - ജോയിന്റ് കൺവീനർ

v) മുനിസിപ്പൽ സെക്രട്ടറി - 1

vi) ഗ്രാമപഞ്ചായത്ത് സെക്രട്ടറി - 1

vii) തദ്ദേശഭരണ നിർവഹണത്തിൽ പരിചയവും സാങ്കേതികവിദ്യയിൽ പരിജ്ഞാനവുമുള്ള കൺസോർഷ്യത്തിന്റെ പ്രതിനിധി - 1

viii) പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഹെഡ് നോമിനേറ്റ് ചെയ്യുന്ന ഒരംഗം

**2. ഡൊമൈൻ ടീം**

ഇ-ഗവേണൻസ് സാങ്കേതിക വിദ്യകളിൽ പ്രാവീണ്യമുള്ള, തദ്ദേശസർക്കാർ ഭരണത്തിൽ പരിചയ സമ്പന്നരായ സർക്കാർ ഉദ്യോഗസ്ഥരും വിദഗ്ധരും അടങ്ങുന്നതാണ് ഡൊമെയ്ൻ ടീം.

**പെർമനെന്റ് ഡൊമൈൻ -ടീം**

തദ്ദേശഭരണനിർവ്വഹണത്തിൽ പരിചയവും സാങ്കേതികവിദ്യയിൽ താൽപര്യവുമുള്ള മുഴുവൻ സമയ സർക്കാർ ഉദ്യോഗസ്ഥർ ചേർന്നതാണ് ഡോമൈൻ ടീം.

**അഡ്ഹോക് ഡൊമൈൻ -ടീം**

നിലവിലുള്ള ഉത്തരവാദിത്തങ്ങളോടൊപ്പം, സേവനം പ്രയോജനപ്പെടുത്താവുന്ന പ്രാവീണ്യരായ സർക്കാർ ഉദ്യോഗസ്ഥർ, അടങ്ങുന്നതാണ് അഡ്ഹോക് ഡൊമൈൻ ടീം .

**3. ടെക്നിക്കൽ ടീം**

ആധുനിക സാങ്കേതികവിദ്യയിൽ പരിജ്ഞാനവും വൈദഗ്ധ്യവുമുള്ള സോഫ്റ്റ് വെയർ ഡെവലപ്പേഴ്സും, ഐ.കെ.എം -ൽ നിന്നും സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രവീണ്യരായ പ്രോഗ്രാമേഴ്സും ചേർന്നതാണ് ടെക്നിക്കൽ ടിം.

G.O.(Ms) No.27/2022/LSGD

ഐ.ടി വിദഗ്ധരെ റിക്രൂട്ട് ചെയ്യുന്നതിനും, ഐടി ഹാർഡ് വെയർ, സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങൾ & ലൈസൻസുകൾ വാങ്ങുന്നതിനും ഐ.കെ.എമ്മിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സി.എം.ഡി (ചീഫ് മിഷൻ ഡയറക്ടർക്ക്)ക്ക് പരിപൂർണ അധികാരവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിലെടുക്കുന്ന തീരുമാനങ്ങൾ അടുത്ത ഇ-ഗവേണൻസ് കമ്മിറ്റിയിൽ വെച്ച് അംഗീകാരം നേടേണ്ടതാണ്.

സർക്കാർ ഇതിലേക്കായി പ്രത്യേകം വകയിരുത്തുന്ന തുകയും, ഈ ആവശ്യത്തിലേക്കായി തദ്ദേശസർക്കാരുകളുടെ വിഹിതമായി ലഭിക്കുന്ന തുകകളും, ഐ.കെ.എമ്മിന്റെ പദ്ധതി ചിലവ്/O&M ഫണ്ട് എന്നിവയും, ഈ കർമ്മപദ്ധതിയുടെ നിർവഹണത്തിനും, പ്രൊജെക്റ്റ് ഇംപ്ലിമെൻറേഷൻ യൂണിറ്റിന്റെ നടത്തിപ്പിനും ഉപയോഗിക്കാവുന്നതാണ്.

ചീഫ് മിഷൻ ഡയറക്ടർ & പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ യൂണിറ്റ് ഹെഡ് - ന്റെ നേതൃത്വത്തിൽ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴി ഈ നവീന ഇ-ഗവേണൻസ് കർമ്മ പദ്ധതി അടിയന്തരമായി ആരംഭിക്കേണ്ടതും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സി-ഡിറ്റ് , തിരുവനന്തപുരം
ഡയറക്ടർ, ഐ. ടി മിഷൻ, തിരുവനന്തപുരം
എക്സ്ക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡോ . സന്തോഷ് ബാബു ഐ.എ എസ്, (റിട്ട.) മിഷൻ ഡയറക്ടർ
ടീം ഹെഡ്, ഐ.ഐ. ഐ.ടി എം. കെ. ടെക്നോപാർക്ക് , തിരുവനന്തപുരം
സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ, എൻ. ഐ. സി , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ. / ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ. & ഇ, ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീ ഫ് സെക്രട്ടറിയുടെ പി. എയ്ക്ക്
സെക്രട്ടറി (അർബൻ) യുടെ പി. എയ്ക്ക്